കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല - അടിമാലി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും അടിമാലി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ പ്രവർത്തിക്കുന്നതുമായ കംഫർട്ട് സ്റ്റേഷൻ 2018 ലെ പ്രളയ കാലയളവിൽ തുറന്ന് പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിൽ ലേല തുകയിൽ ഒരു മാസത്തെ ഇളവ് അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ)നം.186/2021/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം.23/01/2021

പരാമർശം:
1) ശ്രീ. കെ. എസ്. വിജയൻ 01.02.2019 ൽ സമർപ്പിച്ച അപേക്ഷ
2) അടിമാലി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07/03/2019 ലെ 9(1) നമ്പർ തീരുമാനം.
3) അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08/07/2019 ലെ A8-8678/2019 നമ്പർ അപേക്ഷ.
4) പഞ്ചായത്ത് ഡയറക്ടറുടെ 12/12/2019 ലെ PAN/15632/2019-G2(DP) നമ്പർ കത്ത്

## ഉത്തരവ്

അടിമാലി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും അടിമാലി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ പ്രവർത്തിച്ചുവരുന്നതുമായ കംഫർട്ട് സ്റ്റേഷൻ 2018-19 വർഷത്തേയ്ക്ക് ശ്രീ. കെ. എസ്. വിജയൻ എന്നയാൾ ലേലം കൊണ്ട് നടത്തിവരികയും പ്രസ്തുത കംഫർട്ട് സ്റ്റേഷന്റെ ആകെ ലേല തുക ഒടുക്കുകയും ചെയ്തിരുന്നു. എന്നാൽ 2018 ഓഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ ഒരു മാസത്തിലധികം കംഫർട്ട് സ്റ്റേഷൻ അടച്ചിട്ടിരുന്നതിനാൽ ലേലതുകയിൽ ഇളവ് അനുവദിക്കണമെന്ന് ടിയാൻ ഗ്രാമ പഞ്ചായത്ത് കമ്മറ്റിക്ക് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ അടിമാലി ഗ്രാമപഞ്ചായത്ത് കമ്മിറ്റി ആകെ ലേലം കൊണ്ടിട്ടുള്ള തുകയായ 10,61,000/- രൂപയിൽ ഒരു മാസത്തെ തുകയായ 88416/- രൂപ ഇളവ് സർക്കാർ അനുമതിയോടുകൂടി അനുവദിക്കുന്നതിന് സൂചന (2) പ്രകാരം തീരുമാനിച്ചിരുന്നു. ആയതിലേയ്ക്കുള്ള സർക്കാർ അനുമതിയ്ക്കായി അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചന(3) അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കണമെന്ന് സൂചന (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 ഓഗസ്റ്റ് മാസത്തിലെ പ്രളയം കാരണം തുറന്നു പ്രവർത്തിക്കാൻ സാധിക്കാതിരുന്ന സാഹചര്യം കണക്കിലെടുത്തും സൂചന (2), (4) എന്നിവയുടെ അടിസ്ഥാനത്തിലും അടിമാലി പ്രൈവറ്റ് ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ ലേലം കൊണ്ട ഇനത്തിൽ ഒടുക്ക് വരുത്തിയിട്ടുള്ള

ആകെ ലേല തുകയായ 10,61,000/- രൂപയിൽ നിന്നും ഒരു മാസത്തെ തുകയായ 88,416/- രൂപ (എൺപത്തിഎണ്ണായിരത്തി നാനൂറ്റി പതിനാറ് രൂപ മാത്രം) ഇളവ് അനുവദിക്കുന്നതിന് അടിമാലി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ശ്രീ. കെ. എസ്. വിജയൻ, കളരിക്കൽ ഹൗസ്, അടിമാലി പി. ഒ., ഇടുക്കി - 685561.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് -I / ഓഡിറ്റ് - II), കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ആർസി2/218/2020/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

Sthu

സെക്ഷൻ ഓഫീസർ